**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 705**

**28.02.2017 - ൽ മറുപടിക്ക്**

# സഹകരണ വകുപ്പിലെ ഫയലുകളിൽ നടപടി

| | ചോദ്യം<br>ശ്രീ.പി.കെ. ശശി | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സഹകരണവകുപ്പിൻ കീഴിലെ 9368/C3/15 dt. 7.10.15, C3/190/2016 എന്നീ ഫയലുകളിൽ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ; | (എ) | പ്രസ്തുത ഫയലുകൾ സർക്കാരിന്റെ വിവിധ തലത്തിലുള്ളപരിശോധനയിലാണ്.അവയിൽ അന്തിമതീരുമാനം ആയിട്ടില്ല. |
| (ബി) | പ്രസ്തുത സെക്ഷനിൽ 2017 ഫെബ്രുവരി വരെ എത്ര ഫയലുകൾ തീരുമാനമാകാതെ കിടക്കുന്നുണ്ട് ; ഇക്കാര്യം മേലുദ്യോഗസ്ഥരും വകുപ്പ് തലവന്മാരും പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സെക്ഷനിലെ ഫയലുകളിൽ തീരുമാനമെടുക്കുന്നതിൽ വരുന്ന കാലതാമസം എന്ത് കാരണത്താലാണെന്ന് അറിയിക്കാമോ ; | (ബി) & (സി) | സഹകരണ (സി3) സെക്ഷനിൽ 2017 ഫെബ്രുവരി വരെ 424 ഫയലുകൾ തീർപ്പാകാതെ കിടക്കുന്നുണ്ട്. വകുപ്പ്തല റിവ്യൂ മീറ്റിംഗുകളിൽ തീരുമാനമാകാതെ കിടക്കുന്ന ഫയലുകളെ സംബന്ധിച്ച് പൊതുവിൽ ചർച്ച ചെയ്യാറുണ്ട്. സഹകരണ (സി3) അസിസ്റ്റന്റ് തസ്തിക 05.12.2016 മുതൽ 16.01.2017 വരെ ഒഴിഞ്ഞു കിടക്കുകയായിരുന്നു. 17.01.2017 ന് ജോയിൻ ചെയ്ത അസിസ്റ്റന്റ് സർക്കാർ സർവ്വീസിൽ പുതുതായി പ്രവേശിച്ചയാളാണ്. കൂടാതെ സഹകരണ (സി) വകുപ്പിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തിക 09.01.2017 മുതൽ നാളിതുവരെ ഒഴിഞ്ഞു കിടക്കുകയാണ്. അപര്യാപ്തതകൾ പരിഹരിച്ച് ഫയലുകളിൽ അടിയന്തിരമായി തീർപ്പ് കല്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (സി) | മേൽപ്പറഞ്ഞ ഫയലുകളിലെ നടപടി ക്രമങ്ങൾ എപ്പോൾ പൂർത്തീകരിക്കും എന്ന് വെളിപ്പെടുത്തുമോ? |

സെക്ഷൻ ഓഫീസർ